## IN THE NAME OF LIFE ITSELF, BAN THE NEUTRON BOMB!

"I am against the development of the neutron bomb."

*Dr. Linus Pauling*
*( U S A )*
***Nobel Prize Laur***

"We oppose these schemes because this is an unheard-of cruel weapon."

*Karin Soder*
***Foreign Secretary***
*Kingdom of Swed*

"When the human race wants to survive they must resist the introduction of such misanthropic weapons with all their power."

*Cardinal*
***Bernard Alfrink***
*(Belgium)*
***President***
*of PAX-Christi*

---

Printed and Published by S. SHARMA
at Subash Printing Works, Palayam, Trivandrum-

# പുത്തൻ മാലാഖമാരോ പഴയ പോക്കിരികളോ?

## [ NEW ANGELS OR OLD RASCALS ? ]

★

എന്താണ്
ദേശാതീത കോർപ്പറേഷനുകൾ?

WHAT ARE
[ TRANSNATIONAL CORPORATIONS ? ]

★

ഡോ: പൗലൂസ് മാർ ഗ്രിഗോറിയോസ്

(വില 30 പൈസ)

# ഈ ലഘുലേഖയെപ്പററി

★★

അഖിലേന്ത്യാ സമാധാന സൗഹൃദ സമിതിയുടെ ആഭിമുഖ്യത്തിൽ, 1977 സെപ്തംബർ 24-ാം തീയതി "ദേശാതീത കോർപ്പറേഷനുകളെ"പ്പററി കോട്ടയം പഴയ സെമിനാരിയിൽ വെച്ചു നടന്ന സെമിനാറിൽ, ഡോ: പൗലോസ് മാർഗ്രിഗോറിയോസ്സ് തിരുമേനി അവതരിപ്പിച്ച ശ്രദ്ധേയമായ പ്രബന്ധത്തിൻെറ, വിവർത്തനമാണീ ലഘുലേഖ.

സമാധാന സൗഹൃദ സമിതി
പ്രവർത്തകർ

തിരുവനന്തപുരം
നവംബർ, 77

# പുത്തൻ മാലാഖമാരോ പഴയ പോക്കിരികളോ ?

## ( New Angels or Old Rascals )

തത്വചിന്താപരമായ വീക്ഷണത്തിൽ യാഥാർത്ഥ്യത്തിന്റെ സാരവത്തായ ഘടകങ്ങൾ സ്ഥിതിചെയ്യുന്നത് ഏകീകൃതഭാവത്തിലാണ്, ശിഥിലാവസ്ഥയിലല്ല ; സാമൂഹ്യസ്വഭാവത്തിലാണ്, വ്യക്തി നിഷ്ഠമായല്ല. ദേശാതീത കോർപ്പറേഷനുകളെന്ന പുതിയ വസ്തുനിഷ്ട യാഥാർത്ഥ്യത്തെപ്പററി ഇങ്ങനെ നോക്കുമ്പോൾ തോന്നേണ്ടത് സന്തുഷ്ടി തന്നെയാണ്.

നമുക്ക് ഈ കോർപ്പറേഷനുകളെ MNCs (Multi-national corporations) എന്നതിന് പകരം TNCs (Transnational Corporations) എന്നു വിളിക്കാം ; കാരണം നമ്മെ അവയുടെ ' ബഹുദേശ ' സ്വഭാവമല്ല അലട്ടുന്നത്. " ദേശീയപരമാധികാര "മെന്നത് സത്യത്തിൽ പഴകിപ്പോയ ഒരു സങ്കല്പമായാണ് ഞാൻ കാണുന്നത്. ഇപ്പോൾത്തന്നെ നാം ജീവിക്കുന്നത് ഒരു ബഹുരാഷ്ട്രലോകത്തിലാണ് എന്നതത്രേ അതിനു കാരണം. ഉദാഹരണത്തിന് , എനിക്കു താല്പര്യമുള്ള വികസനത്തിന്റെ ഒരു മേഖല വികസ്വരരാജ്യങ്ങളും, സോഷ്യലിസ്ററു രാജ്യങ്ങളും തമ്മിലുള്ള ബഹുമുഖമായ ദേശീയ സഹകരണമാണ്. സഹകരണാടിസ്ഥാനത്തിൽ, സമന്വിതമായ വികാസം ലക്ഷ്യമാക്കിക്കൊണ്ടുള്ള ഒരു സാർവ്വദേശീയ കൂട്ടുകെട്ടിനുവേണ്ടി ഞാൻ നിലകൊള്ളുന്നു. ഒരു സാമ്പത്തിക സംരംഭത്തിന്റെ ബഹുദേശീയ സ്വഭാവം കൊണ്ടുമാത്രം അത് തീണ്ടിക്കൂ-

ടാത്തതാകുന്നില്ല. അവയെ ഉപദ്രവകാരിയാക്കുന്നത് അവയുടെ ദേശാതീത ( transnational ) സ്വഭാവം, അതായത് ഒരു രാഷ്ട്രത്തിന്റെയും പരമാധികാരത്തിനു വഴങ്ങാതെ നില്ക്കുവാനുള്ള സ്വഭാവം ആകുന്നു. അതുകൊണ്ട് നാം ഇവയെ ബഹുദേശീയ കോർപ്പറേഷനുകൾ (MNCs) എന്നതിനു പകരം ദേശാതീത കോർപ്പറേഷനുകൾ (TNCs) എന്നു വിളിക്കുന്നതായിരിക്കും ഉചിതം.

## അമേരിക്കൻ മാസിക വെളിവാക്കുന്ന വസ്തുതകൾ

ആദ്യമായി നമുക്ക് കോർപ്പറേഷനുകളെപ്പററി കുറേ വസ്തുതകളെങ്കിലും പരിശോധിക്കാം. പിന്നീടാവാം TNC കളെ പററിയുള്ള പഠനം. ഈ രാക്ഷസൻമാർ ഇപ്പോൾ തന്നെ കമ്പോളസമ്പദ്വ്യവസ്ഥിതിക്കകത്ത് ഭീമാകാരമായ തോതിൽ വളർന്നു കഴിഞ്ഞിരിക്കുന്നു.

അമേരിക്കൻ മാസികയായ FORTUNE (ഫോർച്ചൂൺ) എല്ലാവർഷവും, അമേരിക്കക്കു വെളിയിലുള്ള ഏററവും വലിയ 500 കമ്പനികളുടെയും, അവയുടെ ആസ്തി, വിററുവരവ്, മൊത്തം ലാഭം എന്നിവയെപ്പററിയും വിശദവിവരങ്ങൾ പ്രസിദ്ധീകരിക്കാറുണ്ട്.

അമേരിക്കക്ക് പുറത്തുള്ള ഈ രാക്ഷസരിൽ 1975 ലും 1976 ലും ഏററവും ഭീമൻ റോയൽ ഡച്ച്ഷെൽ ഗ്രൂപ്പായിരുന്നു. മൊത്തം വില്പനയുടെ മൂല്യം 86,087 ദശലക്ഷം അമേരിക്കൻ ഡോളർ * ! (ഏകദേശം

* ഒരു ഡോളർ = 8.5 രൂപ



30,000 കോടി രൂപയിലധികം ) നികുതിയും മററും അടച്ചുതീർത്തു കഴിഞ്ഞ ശേഷമുള്ള ലാഭം 2,347 ദശലക്ഷം ഡോളർ (ഏകദേശം 2000 കോടി രൂപ )! ജീവനക്കാരുടെ സംഖ്യ 153,000 ഇതാണ് ഒരു TNC. ഈ TNC യുടെ വരവുചിലവു കണക്കുകൾ നെതർലൻഡിലും ബ്രിട്ടണിലും മാത്രമുള്ള അതിന്റെ ബിസിനസ്സിനെ ആസ്പദമാക്കി മാത്രവുമാണ്.

അമേരിക്കക്കു പുറത്ത് പിന്നത്തെ ഏററവും വലിയ TNC, യൂണിലിവർ (UNILEVER) ആണ്. ബ്രിട്ടൻ, നെതർലൻഡ്സ് എന്നീ രാജ്യങ്ങളിലധിഷ്ഠിതമാണിതിന്റെ പ്രവർത്തനമേഖല. യൂണിലിവറിലെ ജോലിക്കാരുടെ എണ്ണം 317,000 ആണ്, അതായത് റോയൽ ഡച്ച്ഷെൽഗ്രൂപ്പിന്റേതിലും ഇരട്ടി. എന്നാൽ ഈ TNC യുടെ മൊത്തം വില്പനയുടെ മൂല്യം റോയൽ ഡച്ചിന്റെ കഷ്ടിച്ചു പകുതിമാത്രമാണ്— 15,762 ദശലക്ഷം ഡോളർ (13,000 കോടിരൂപ) നികുതികഴിച്ച് ലാഭം 518 ദശലക്ഷംമാത്രം (400 കോടിരൂപ) പാവം യൂണിലിവർ ! കുടുതൽ പാവപ്പെട്ട TNC ഉണ്ട്—Philips (ഫിലിപ്പ്സ്) 400,000 ജീവനക്കാരുണ്ട്. എന്നാൽ വില്പന 11,521 ദശലക്ഷവും (9200 കോടി) ലാഭം 213 ദശലക്ഷം ഡോളർ മാത്രവും (168 കോടി രൂപ)

ലാഭം മാത്രം നോക്കിയാൽ ഏററവും വിജയിക്കുന്നത് നാഷണൽ ഇറാനിയൻ ഓയിൽ കമ്പനിയത്രെ! 57,331 തൊഴിലാളികളെ മാത്രം ഉപയോഗിച്ചുകൊകൊണ്ട് 19,03 ദശലക്ഷം ഡോളർ മാത്രം വിററുവരവുണ്ടാക്കിക്കൊണ്ട് ഈ കമ്പനി 17,175 ദശലക്ഷം ഡോളർ ലാഭമുണ്ടാക്കി. (13800 കോടി രൂപ) !

എന്നാൽ ഇത് ഒരൊററപ്പെട്ട കേസാണ്. പെട്രോൾ ബിസിനസ്സ് അങ്ങിനെയാണ് (മണ്ണിനടിയിൽ നിന്നും പുറത്തുകൊണ്ടുവരുകമാത്രമല്ല അവരുടെ പ്രധാനജോലി?) ഇറാൻ ഓയിലിൻെറ അത്രതന്നെ വില്പനയുണ്ടായിരുന്ന ബ്രിട്ടീഷ് പെട്രോളിയം കമ്പനിയും (19,108 ദശലക്ഷം) 325 ദശലക്ഷം ഡോളർ ലാഭമുണ്ടാക്കി. പക്ഷേ വിററ പെട്രോൾ ഏകദേശം മുഴുവനും അതിനു തിരിച്ചു വാങ്ങേണ്ടി വന്നു.

ജർമ്മൻ, ജാപ്പനീസ് കമ്പനികളുടെ സ്ഥിതി എന്താണ് ? നമുക്കു പരിശോധിക്കാം.

അമേരിക്കയ്ക്കു വെളിയിലുള്ള 500 TNC കളിൽ 9–ാമത്തെ സ്ഥാനമാണ് ജർമ്മൻ TNC ആയ Hoechst ( ഹോച്സ്ററ് ) അലങ്കരിക്കുന്നത് രാസപദാർത്ഥങ്ങളും ഔഷധങ്ങളുമാണിത് നിർമ്മിക്കുന്നത്. അടുത്ത ജർമ്മൻ കമ്പനി BASF ( ബാസ്ഫ് ) നിർമ്മാണം രാസപദാർത്ഥങ്ങളും മരുന്നും തന്നെ. 10–ാം സ്ഥാനത്തു നില്ക്കുന്നു. ഹോച്സ്ററ് 186 ദശലക്ഷവും ബാസ്ഫ് 241 ദശലക്ഷവും ഡോളറാണ് കഴിഞ്ഞവർഷമുണ്ടാക്കിയ ലാഭം (യഥാക്രമം 150 കോടിയും 200 കോടിയും രൂപ ) 12, 13, 14, 16, 17 എന്നീ സ്ഥാനങ്ങളിൽ നില്ക്കുന്ന TNC കറം എല്ലാം ജർമ്മനാണ്

| | വില്പന ദശലക്ഷംഡോളർ കണക്കിൻെറ | ലാഭം | ജോലിക്കാരുടെ എണ്ണം |
|---|---|---|---|
| 12. Daimler-Benz | 8938 | 164 | 160,863 |
| 13. Volkswagen | 8513 | 399 | 183,238 |
| 14. Bayer (drugs) | 8297 | 181 | 171,200 |
| 16. Siemens(Electric) | 8060 | 222 | 304,000 |
| 17. Thyssen (Machinery) | 7947 | 105 | 139,440 |



1976–ലെ ലിസ്ററിൽ ഏററവും വലിയ ജാപ്പാനീസ് TNC നിപ്പൺ സ്ററീൽ കമ്പനിയാണ് അത് 15–ാം സ്ഥാനത്താണ് നിലയുറപ്പിച്ചിരിക്കുന്നത്. 1975_ൽ ഈ കമ്പനി 7–ാം സ്ഥാനത്തായിരുന്നു. 8089 ദശലക്ഷം ഡോളറിൻെറ വില്പന നടത്തിയ ഈ കമ്പനിയുടെ ലാഭം 88 ദശലക്ഷം ഡോളർ മാത്രമായിരുന്നു. തൊട്ടടുത്ത ജാപ്പനീസ് ഭീമൻ ടോടൊട്ടാ മോട്ടോർ കമ്പനിയാണ്. അതിൻെറ വില്പന വരവ് 7696 ദശലക്ഷവും ലാഭം 345 ദശലക്ഷവും ആണ്.

## ഇന്ത്യയിലെ TNC " വാമനൻമാർ "

ഇന്ത്യയിലെ വീരൻമാരുടെ കഥയൊ ? ഏററവും വലിയത് ഇന്ത്യൻ എണ്ണക്കമ്പനിയാണ് (I. O. C.) ഇത് 108–ാം സ്ഥാനത്താണ് നില്ക്കുന്നത്. 1975 ൽ 115–ാം സ്ഥാനം. മൊത്തം വില്പന 2 45 ദശലക്ഷവും ലാഭം 28 ദശലക്ഷവും അടുത്ത ഇന്ത്യൻ കമ്പനി Steel Authority of India യാണ് വില്പന 1015 ദശലക്ഷം, ലാഭം 34 ദശലക്ഷം മൊത്തം ജീവനക്കാർ 204,532. പക്ഷെ ഭീമൻമാരുടെ ലിസ്ററിൽ ഇത് 229ാം സ്ഥാനത്തു നില്ക്കുന്നു ( 1975 ൽ 181–ാ മത് സ്ഥാനമലങ്കരിച്ചിരുന്നു ) ഭാരത് ഹെവി ഇലക്ട്രിക്കൽസ് ആണ് ഇന്ത്യയിലെ മൂന്നാമതായി നില്ക്കുന്ന ഇന്ത്യൻ കമ്പനി. വില്പന ഏകദേശം 425 ദശലക്ഷവും ലാഭം 76 ദശലക്ഷവും ജീവനക്കാർ 51,000 500 ൽ 474– ാമതാണ് ഈ ഇന്ത്യൻ കമ്പനി.

ബിർലയെവിടെ ? ടാററയെവിടെ ? ഡാൽമിയയെവിടെ ? ഇവയൊന്നും 500 ഭീമന്മാരിൽ പെടുന്നില്ല. 500– ൽ അവസാനം നില്ക്കുന്ന ഭീമന് 895 ദശലക്ഷം വില്പന വരവാണുള്ളത്. ഈ ഭീമനും പുറകിലാണ് നമ്മുടെ ഇന്ത്യൻ 'വാമന' വീരന്മാർ !

ഈ 500 ഭീമൻ TNC ഏതേതുരാജ്യങ്ങളിൽ നില കൊള്ളുന്നുവെന്ന് പരിശോധിക്കാം.

| രാജ്യം | TNC കളുടെ എണ്ണം |
|---|---|
| ബ്രിട്ടൺ | 87 |
| കാനഡ | 39 |
| ഫ്രാൻസ് | 46 |
| ജർമ്മനി | 67 |
| ജപ്പാൻ | 117 |
| ഇന്ത്യ | 3 |
| ഹോളണ്ട് | 12 |
| സ്വീഡൻ | 25 |
| സ്വിററ്സർലേൻഡ് | 14 |
| സ്പെയിൻ | 12 |
| ഇററലി | 14 |
| ആഫ്രിക്ക | 1 (Zambia mining |
| തുർക്കി | 1 Co, rank—141) |
| ഇറാൻ | 1 |
| ഇസ്രേൽ | 1 |

ജാപ്പാനെ ഒഴിച്ചു നിർത്തിയാൽ കിഴക്കൻ ഏഷ്യയിൽ 6 കമ്പനികളാണുള്ളത്. ഇന്ത്യ 3, തെക്കൻകൊറിയ 1, തെമ്മവാൻ 1. ഏഷ്യൻ കമ്പനികളിൽ ഭൂരിഭാഗവും എണ്ണക്കമ്പനികളാണ്.

നാമെവിടെയാണെന്നറിഞ്ഞിരിക്കുന്നത് നല്ല താണല്ലോ.

## ബാങ്കുകൾ

ഇനി ബാങ്കുകളുടെ സ്ഥിതിയെന്താണ് ?

അമേരിക്കക്കു വെളിയിൽ ഉള്ള 50 വൻകിട ബാങ്കുകൾ എടുത്താൽ സ്ഥിതി ഇങ്ങനെയാണ്.



| | ആസ്തി ദശലക്ഷം ഡോളർ |
|---|---|
| 1. Dentsche Bank (Germany) | 44,593 |
| 2. Dai-Ichi-Kangyo Bank (Japan) | 43,012 |
| 3. Banque Nationale di Paris (France) | 41,424 |

ഏററവും വലിയ സ്വിസ്സ് ബാങ്ക് — സ്വിസ്സ് ബാങ്ക് ദേശാന്തര കോർപ്പറേഷനുകളുടെ ലിസ്ററിൽ 29-ാമത് സ്ഥാനത്താണ് — 30-ാം സ്ഥാനത്തും ഒരു സ്വിസ്സ് ബാങ്കു തന്നെ. അവയുടെ ആസ്തി യഥാക്രമം 21,556 ദശലക്ഷവും 21513 ദശലക്ഷവും ആണ്.

50 വൻകിട ബാങ്കുകൾ താഴെ കൊടുക്കുന്ന പ്രകാരമാണ് ഉള്ളത്.

| | | | |
|---|---|---|---|
| ജാപ്പാൻ | 16 | സ്വിററസർലൻഡ് | 3 |
| ജർമ്മനി | 9 | നെതർലൻഡ്സ് | 3 |
| ഫ്രാൻസ് | 5 | ഇററലി | 3 |
| ബ്രിട്ടൺ | 4 | ബെൽജിയം | 1 |
| കാനഡ | 5 | ബ്രസീൽ | 1 |

ഈ 50 ബാങ്കുകളുടെയും കൂടി മൊത്തം ആസ്തി 1, 287, 592 ദശലക്ഷം ഡോളർ ആണ് (ഏകദേശം 10 ലക്ഷം കോടി രൂപ !) ഈ ലോകം (മുതലാളിമാരുടെ ലോകം) ആരുടെ കൈയ്യിലാണെന്ന് നിങ്ങൾക്ക ഇപ്പോൾ മനസ്സിലായിട്ടുണ്ടാകും.

## അമേരിക്കയിൽ

ഇതുവരെ അമേരിക്കയെപ്പററി ഞാൻ പറഞ്ഞില്ല. ഇനി അവിടുത്തേക്കു നോക്കാം. ആദ്യമായി ലോകത്തെ ഏററവും വലിയ 50 കമ്പനികളിൽ ആദ്യത്തെ 10 എണ്ണവും അവയുടെ മൊത്തം വിററവരവും നോക്കു

പോാം നമുക്ക് ലഭിക്കുന്ന ചിത്രം താഴെ കൊടുക്കുന്നു.

ദശലക്ഷം ഡോളർ കണക്കിൽ

| കമ്പനി | രാജ്യം | വില്പന 1976 | ലാഭം 1976 |
|---|---|---|---|
| 1. Exxon | അമേരിക്ക | 48, 630 | 2641 |
| 2. General Motors | ,, | 47, 181 | 2902 |
| 3. Royal Dutch Shell | ലണ്ടൻ ഹോളണ്ട് | 36, 087 | 2347 |
| 4. Ford Motors | അമേരിക്ക | 28, 839 | 983 |
| 5. Texaw | അമേരിക്ക | 26, 451 | 869 |
| 6. Mobiloil | അമേരിക്ക | 26, 062 | 942 |
| 7. National Iranian oil | ഇറാൻ | 19, 671 | 17175 |
| 8. Standard oil of calif | അമേരിക്ക | 19, 843 | 880 |
| 9. ബ്രിട്ടീഷ് പെട്രോളിയം | ബ്രിട്ടൺ | 19, 103 | 324 |
| 10. Gulf oil | അമേരിക്ക | 16, 451 | 316 |

ഈ 10 ൽ 7 എണ്ണം അമേരിക്കൻ കമ്പനികളാണ്. അമേരിക്കക്കു പുറത്തുള്ള ഭീമൻമാർക്ക് അമേരിക്കൻ ഭീമൻമാരോടു മൽസരിക്കാനാവില്ല.

ലോകമാസകലം പരന്നു കിടക്കുന്ന ഈ കമ്പനികളുടെ മുൻനിരയിൽ നിലയുറപ്പിച്ചിട്ടുള്ള 50 പടകൂററൻ കമ്പനികാം 1976–ൽ മാത്രം ഉണ്ടാക്കിയ ലാഭം 46,085 ഡോളർ ആണ് ( 3',168 കോടിരൂപ ) ! ഇന്ത്യയിലെ 62 കോടി ജനങ്ങളുടെ മൊത്ത വാർഷിക വരുമാനത്തിന് തൊട്ടടുത്തു നില്ക്കുന്നു ഈ വൻതുക എന്നോർത്താൽ എത്ര ഞെട്ടിപ്പിക്കുന്ന വസ്തുതയാണ് ഇതെന്നു മനസ്സിലാവും.



ഈ 50 വമ്പൻമാരിൽ ഒന്നുപോലും ഇന്ത്യനല്ല എന്നുള്ളത് മറെറാരു ശ്രദ്ധേയമായ സംഗതിയാണ്. ഏഷ്യയിലേതോ ? ജാപ്പാനിലെ അഞ്ചുകമ്പനികളും ഇറാനിലെ നാഷണൻ ഓയിൽ കമ്പനിയും ഈ അൻപതിൽ പെടുന്നു. രണ്ടു ലാററിനമേരിക്കൻ കമ്പനികാം– രണ്ടും എണ്ണക്കമ്പനികളാണ്, ഒന്ന് വെനിസുലയിലും, മറെറാന്നു ബ്രസീലിലും – ഈ വൻപൻമാരുടെ അണികളിലുണ്ട്. ഒരൊററ ആഫ്രിക്കൻ കമ്പനിപോലുമില്ല.

( കറുത്ത ആഫ്രിക്കൻ വൻകരയുടെ ഗതികേട് ! ) അമേരിക്കയുടെ 22 ഉം, പശ്ചിമ ജർമ്മനിയുടെ 7 ഉം, ഫ്രാൻസിൻെറ 5 ഉം ബ്രിട്ടൻെറയും ഹോളണ്ടിൻെറയും കൂടി 6 ഉം, ഇററലിയുടെയും സ്വിററ്സർലേണ്ടിൻെറ ഓരോന്നു വീതവും ആണ് ഈ 50 കൂററൻമാരുടെ കൂട്ടത്തിൽപെടുന്നവ.

" ട്രാസ്നേഷനൽ " കമ്പനികളെന്നു എന്തിന് ഇവയെ വിളിക്കണം ? ഈ ഭീമൻമാരിൽ ബഹുഭൂരിപക്ഷവും വിലസുന്നത് അമേരിക്ക, പശ്ചിമജർമ്മനി, ജപ്പാൻ, ഫ്രാൻസ്, ബ്രിട്ടൺ, നെതർലേൻഡ്സ് (ഹോളണ്ട്) കാനഡ, ഇററലി എന്നീ രാജ്യങ്ങളിലാണ്. ലോക സമ്പദ് വ്യവസ്ഥയും, ലോകമുതലാളിത്ത – സാമ്രാജ്യത്വ വ്യവസ്ഥിതിയും ഈ രാക്ഷസൻമാരുടെ പിടിയിലാണ്.

TNCs എന്നു നാം പറയുമ്പോാം അമേരിക്കയുടേയും പടിഞ്ഞാറൻ യൂറോപ്പിൻെറയും ജപ്പാൻെറയും നേതൃത്വത്തിലുള്ള സാമ്രാജ്യത്വ–മുതലാളിത്തത്തിൻെറ ചിത്രം അവയിൽ നാം കാണണം.

# TNCയുടെ ഇന്ത്യൻ കണ്ണികൾ

ഇനി ഈ ദേശാതീത കോർപ്പറേഷനുകളുടെ ഇന്ത്യൻ കണ്ണികളുടെ ചിത്രം നോക്കാം.

| കമ്പനി | രാജ്യം | നിർമ്മാണം |
|---|---|---|
| 1. Metall Gesells chaft Ag (മെററൽ ഹെസൽ ചാഫ്റ്റ്എജി) | പ. ജർമ്മനി | ലോഹം |
| 2. Fredrich Krupp gmbh (ഫെഡ്രിക്ക് ക്രുപ്പ്) | ,, | ,, |
| 3. Union Carbide Corp (യൂനിയൻ കാർബൈഡ് കോർപ്പറേഷൻ | അമേരിക്ക | രാസപദാർത്ഥങ്ങൾ |
| 4. Firestone tyre and Rubber Co. (ഫയർ സ്റ്റോൺ ടയർ ആൻഡ് റബ്ബർ കമ്പനി) | ,, | റബ്ബർ ഉൽപ്പന്നങ്ങൾ |
| 5. Dunlop Holding Ltd (ഡൺലപ്പ്) | ബ്രിട്ടൺ | ,, |
| 6. British Steel Corporation | ,, | ഇരുമ്പ്, ഉരുക്ക് |
| 7. Sandvik A B (സേൻഡ്‌വിക്ക് | സ്വീഡൻ | ആണി, സ്ക്രൂ |



| | | |
|---|---|---|
| 8. Akzo Nv (ആക്ക്സോ) | ഹോളണ്ട് | സിൽക്ക്, രാസപദാത്ഥങ്ങൾ |
| 9. Uniliver Ltd (യൂനിലിവർ) | ബ്രിട്ടൺ/ ഹോളണ്ട് | ഭക്ഷ്യപദാർത്ഥങ്ങൾ, സോപ്പ്, ശുചീകരണ സാധനങ്ങൾ |
| 10. A sea Allmanna Sea ആസ്യ ആംമന്ന | സ്വീഡൻ | ഇലക്ട്രിക്ക് ഉൽപ്പന്ന വിതരണവും ഗതാഗത സാമഗ്രികളും |
| 11. Bayer Ag (ബേയർ) | പ. ജർമ്മനി | രാസപദാർത്ഥങ്ങൾ, ഔഷധങ്ങൾ |
| 12. Robert Bosh gmbh (റോബർട്ട് ബോഷ്) | ,, | വൈദ്യുതോപകരണങ്ങൾ, സാമഗ്രികൾ |
| 13. Hoechst Ag (ഹോചെസ്ററ്) | ,, | രാസപദാർത്ഥങ്ങൾ, വളങ്ങൾ |
| 14. Banque Nationals de-Paris (ബാങ്ക്നാഷണൽസ്) | ഫ്രാൻസ് | പണമിടപാട് |
| 15. CIBA Geigy Ag (സിബ) | സ്വിററ്സർലേൻഡ് | രാസപദാർത്ഥങ്ങൾ ഔഷധങ്ങൾ |
| 16. Sandoz Ag (സാൻഡോസ്) | ,, | ,, |
| 17. British Leyland Motor Corporation (ബ്രിട്ടീഷ് ലെയ്ലേൻഡ്) | ബ്രിട്ടൺ | ബസ്സ്, ട്രക്കുകൾ |

| | | |
|---|---|---|
| 18. American Morots Corporation (അമേരിക്കൻ മൊറോട്ട്സ്) | അമേരിക്ക | ,, |
| 19. Turner and Newall Ltd. | ബ്രിട്ടൺ | പ്ലാസ്റ്റിക്ക് |
| 20. Tata and Lyle Ltd. (ടാററ-ലൈലെ) | ,, | പഞ്ചസാര |
| 21. The Plessy Co. Ltd. (പ്ളസ്സി കമ്പനി) | ,, | ഭക്ഷ്യപദാർത്ഥങ്ങൾ-വാർത്താവിനിമയ ഉപകരണങ്ങൾ |
| 22. Lucas Industries Ltd. (ലൂക്കാസ്) | ,, | വൈദ്യുതി വിതരണവും സാമഗ്രികളും |
| 23. International Computers Ltd (ഇൻറർനേഷനൽ കമ്പ്യൂട്ടേർസ്സ്) | ബ്രിട്ടൺ | കമ്പ്യൂട്ടർ ഉപകരണങ്ങൾ |
| 24. Imperial Chemical Industries Ltd (ഇമ്പീരിയൽ കെമിക്കൽസ് | ,, | രാസപദാർത്ഥങ്ങൾ വളങ്ങൾ |
| 25. Beecham Group Ltd (ബീച്ചം ഗ്രൂപ്പ്) | ,, | ഔഷധങ്ങൾ |
| 26. Brook Bond Liebig Ltd (ബ്രൂക്ക്ബോണ്ട്) | ,, | ഭക്ഷ്യം, പുകയില |
| 27. E. M. I. Ltd (ഇ. എം. ഐ) | ,, | വൈദ്യുതിവിതരണ സാമഗ്രികൾ |



| | | |
|---|---|---|
| 28. Fisons Ltd (ഫിസൺസ്) | ബ്രിട്ടൺ | രാസപദാർത്ഥങ്ങൾ, വളം, ഔഷധം |
| 29. General Electric Co Ltd (ജനറൽ ഇലക്ട്രിക്ക് കമ്പനി) | ,, | വൈദ്യുതി വിതരണം സാമഗ്രികൾ |
| 30. Telefonaktiebolaget Ltd. Ericsson (ടെലഫോണാക്ടിബോലാഗററ് എറിക്സൺ | സ്വീസൻ | വാർത്താവിനിമയോപകരണങ്ങൾ |
| 31. AG Brown Boveri et-Cie (എജി ബ്രൌൺ ബൊവേരി) | സ്വിററ്സർലെൻഡ് | വൈദ്യുതോപകരണങ്ങൾ |
| 32. Nestle Alimentana Ag. (നെസ്സൽ ആലിമെൻടാന) | ,, | ,, |
| 33. Albright and Wilsons Ltd (ആൽബ്രൈററ് ആൻഡ് വിൽസൺസ്) | ബ്രിട്ടൺ | രാസവളം |
| 34. C.P.C International Inc (സി. പി. സി. ഇൻറർനാഷണൽ) | അമേരിക്ക | വസ്തുക്കൾ ലഭ്യമല്ല |
| 35. American Telephone and Telegraph Co (Bell Sytem) (അമേരിക്കൻ ടെലഫോൺ ടെലഗ്രാഫ് കമ്പനി | ,, | ,, |
| 36. International Business Mechine Corporation (ഇൻറർനാഷനൻ ബിസിനസ്സ് മെഷ്യൻ കോർപ്പറേഷൻ) | ,, | ,, |

| | | | |
|---|---|---|---|
| 37. | Tootal Ltd (ടൂട്ടാം ലിമിററഡ്) | ബ്രിട്ടൺ | ടെക്സ് ടൈൽസ് |
| 38. | The De La Rue Ltd. (ദി ലാ റൂ) | ബ്രിട്ടൺ | പ്ലാസ്റ്റിക്ക് |
| 39. | Coats and Patons Ltd. (കോട്ട്സ്-പേററൺസ്) | ,, | നൂൽ |
| 40. | Burma oil Co. Ltd. (ബർമ്മ ഓയൽ കമ്പനി) | ,, | എണ്ണ ഉൽപ്പന്നങ്ങൾ (ദേശവൽക്കരിച്ചു?) |
| 41. | British Petrolium Co Ltd (ബ്രിട്ടീഷ് പെട്രോളിയം കമ്പനി ) | ,, | ,, |
| 42. | British American tobacco Co (ബ്രിട്ടീഷ് അമേരിക്കൻ ടുബേക്കോ കമ്പനി) | ,, | പുകയില വാസന ദ്രവ്യങ്ങൾ |
| 43. | Vickers Ltd (വൈക്കേഴ്സ്) | ,, | വിവരം ലഭ്യമല്ല |
| 44. | Tube investment Ltd (ട്യൂബ് ഇൻവെസ്റ്റ്മെൻറ) | ,, | ,, |
| 45. | Shell Transport and Trading Co. (ഷെൽ ട്രാൻസ്പോർട്ട് ആൻഡ് ട്രെയിഡിങ് കമ്പനി | | എണ്ണ (ദേശവൽക്കരിച്ചു) |
| 46. | Metal Box Ltd (മെററൽ ബോക്സ് ലിമിററഡ്) | ,, | വിവരം ഇല്ല |



| | | | |
|---|---|---|---|
| 47. | Cu Francaise des Petroles (കു പ്രാൻകായിസ്ഡി പെട്രോംസ്) | ഫ്രാൻസ് | എണ്ണ ഉൽപ്പന്നങ്ങൾ രാസപദാർത്ഥങ്ങൾ |
| 48. | Phelps Dodge Corporation (ഫെൽപ്സ് ഡോഡ്ജ് കോർപ്പറേഷൻ) | അമേരിക്ക | ചെമ്പ് അലുമിനിയം |
| 49. | The Good year & Tyre Co ഗുഡ് ഇയർ-ടയർ കമ്പനി | ,, | രാസപദാർത്ഥങ്ങൾ റബർ നിർമ്മാണം |
| 50. | Svenska Taudstiks AB സ്വെൻസ്കാ ടെൻഡ്സ്റ്റാ) | സ്വീഡൺ | പേപ്പർ ബോർഡ് |
| 51. | Svenska Kullager Fabrikan (സ്വെൻ്ക കുല്ലഗർ ഫാബ്രിക്കൻ | ,, | യന്ത്രോപകരണങ്ങൾ— കൈവേലക്കുള്ള ഉപകരണങ്ങൾ |
| 52. | Svenska Flakt Fabrikan (സ്വെൻസ്ക ഫ്ളാക്ട്സ്) | ,, | ചണം ? |
| 53. | Facit AB (ഫേസിററ് എ ബി) | ,, | ഓഫീസ് മെഷിനുകൾ |
| 54. | Atlas Copco AB (അററ്ലാസ് കോപ്പ്കോ | ,, | വിവരം ഇല്ല |
| 55. | Gust Keen and Nettle folds Ltd. (ഗസ്സ് കീൻ-നെററൽ ഫീൽഡ്സ് | ബ്രിട്ടൺ | ,, |

| | | | |
|---|---|---|---|
| 56. | Standard oil Co. (Indiamma) (സ്റ്റാൻഡേർഡ് ഓയിൽ കമ്പനി) | അമേരിക്ക | വാതകം |
| 57. | Sperry Rand Corpn (സ്പെറി റേൻഡ് കോർപ്പറേഷൻ) | ,, | വിവരം ലഭ്യമല്ല |
| 58. | Philip morris Inc (ഫിലിപ്പ് മോറിസ്) | ,, | പുകയില |
| 59. | Mobil oil Corporation (മോബൈൽ ഓയിൽ) | ,, | രാസപദാർത്ഥങ്ങൾ |
| 60. | Borg-warner Tractor co (ബോർഗ് വാർനർ ട്രേക്ടർ) | ,, | രാസപദാർത്ഥങ്ങൾ |
| 61. | Caterpillar Tractor co (കാററർ പില്ലർ ട്രേക്ടർ കമ്പനി) | ,, | ട്രേക്ടറുകൾ |
| 62. | Gulf Oil corpn. (ഗാംഫ് ഓയിൽ കോർപ്പറേഷൻ) | ,, | കാർഷികോപകരണങ്ങൾ |
| 63. | Ingersoll Rand co (ഇംഗർസോൾ റേൻഡ് കമ്പനി) | ,, | യന്ത്രോപകരണങ്ങൾ |
| 64. | International Harvster company (ഇൻറർനാഷണൽ ഹാർവെസ്ററർ കമ്പനി) | ,, | കാർഷികോപകരണങ്ങൾ |
| 65. | Johns-Manville corporation (ജോൺസ് മാൻവില്ല കോർപ്പറേഷൻ) | ,, | വിവരം ഇല്ല. |



| | | | |
|---|---|---|---|
| 66. | International Nickels Co. of Canada Ltd (ഇൻറർ നേഷനൽ നിക്കൽസ് കാനഡ കമ്പനി) | കാനഡ | ട്യൂബുകൾ പൈപ്പുകൾ |
| 67. | Massey-Ferguson Ltd (മാസ്സെ–ഫർഗൂസൺ) | ,, | കാർഷികോപകരണങ്ങൾ |

## TNC കളുടെ പ്രച്ഛന്നവേഷങ്ങൾ ഇന്ത്യയിൽ

പ്രച്ഛന്നവേഷങ്ങളിൽ ഇന്ത്യയിൽ പ്രവർത്തിക്കുന്ന മററു നിരവധി കമ്പനികളുമുണ്ട്. പലതും സബ്സിഡിയറികളിൽ കൂടിയും പ്രവർത്തിക്കുന്നു. കിട്ടിയ വിവരങ്ങൾ വച്ചു കണ്ടെത്തിയ കമ്പിനികളുടെ വിവരങ്ങളാണ് ഞാൻ വച്ചിട്ടുള്ളത്. ഇന്ത്യാഗവർമ്മെൻറിൽ നിന്നും ജനങ്ങൾക്ക് ഇവയുടെ യഥാർത്ഥവും പൂർണ്ണവുമായ വസ്തുതകളും അറിയാൻ അവകാശമില്ലേ ?

എ) ഇന്ത്യയിൽ പ്രവർത്തിക്കുന്നത് ഏതെല്ലാം കമ്പനികളാണ് ?

ബി) അവ കൊണ്ടുവന്ന മൂലധനം എത്ര ?

സി) അവ രാജ്യത്തിനു പുറത്തുകൊണ്ടുപോയ ലാഭം എത്ര ?

ഡി) അവയെന്നാണ് ഇന്ത്യവിട്ടുപോകുക ?

ഇ) ഈ രാജ്യത്ത് അവ തുടർന്നു പ്രവർത്തിക്കുന്നതിനുള്ള ഉപാധികൾ, നിയമങ്ങൾ എന്തൊക്കെയാണ് ?

എഫ്) അവയുടെ പ്രവർത്തനക്ഷമതയുടെ റിക്കാർഡ് എന്ത്? എന്തെങ്കിലും സാങ്കേതിക വിജ്ഞാനം അവയിൽ നിന്നും നമുക്കു ലഭിച്ചുവോ ?

തൊഴിൽ ബന്ധങ്ങളുടെ കാര്യത്തിൽ അവയുടെ റിക്കാർഡെന്ത്? ഗവർമെൻറ് ഉദ്യോഗസ്ഥമാരിൽ അവർ ചെലുത്തുന്ന സ്വാധീനം, അഴിമതി എത്രത്തോളമാണ്? അവ തിരഞ്ഞെടുപ്പുകളിൽ എത്ര കണ്ട് സ്വാധീനം ചെലുത്തുന്നുണ്ട് ...........?

ഇത്തരം ഒരു പഠനം ഇൻസ്റ്റിട്യൂട്ട് ഫോർ ഡവലപ്പ്മെൻറ് സ്റ്റഡീസ് തുടങ്ങിയ കേന്ദ്രങ്ങളും നടത്തേണ്ടതുണ്ട്,

## TNCS കൾ കൊണ്ട് ഗുണമോ ദോഷമോ?

ഇനി TNC ക്ക് അനുകൂലമായും പ്രതികൂലമായും ഉള്ള വാദമുഖങ്ങൾ നമുക്ക് പരിശോധിക്കാം

### 1. ഉൽപാദനക്ഷമതക്കുള്ള ഉപാധി

വൻതോതിലുള്ള വികസന പ്രവർത്തനങ്ങൾ വർദ്ധിച്ച കാര്യക്ഷമതയോടുകൂടി നടത്തുവാൻ TNCS സഹായകമാണ്. ഇതാണ് അനുകൂലികളുടെ ഒരു വാദം. വിവിധരാജ്യങ്ങളിൽ വിവിധ രംഗങ്ങളിൽ പ്രവർത്തിക്കുന്ന TNC കൾക്ക് സാങ്കേതിക മാനേജ്മെൻറിൽ അനുഭവങ്ങളുണ്ട്. അതുകൊണ്ടു ഇവിടെ കൂടുതൽ ദ്രുതഗതിയിലും കാര്യക്ഷമമായും ഉൽപാദനം നടത്തുവാൻ കഴിയും. ഇതൊക്കെയാണ് ആ വാദത്തിൻെറ മറുവശങ്ങൾ. ഈ TNCS ഉണ്ടാക്കുന്ന ഉൽപന്നങ്ങൾ പ്രാദേശികമായി ചുരുങ്ങിയ ചിലവിൽ കൂടുതൽ



മേൻമയോടുകൂടി ഉൽപാദിപ്പിക്കാമെന്നു കണ്ടതോടെ ഈ വാദം പൊട്ടിത്തകർന്നിരിക്കുകയാണ്.

### 2. സാങ്കേതിക വിജ്ഞാനം കൈമാറൽ

വികസിത രാജ്യങ്ങളിൽ നിന്നും വികസിച്ചുകൊണ്ടിരിക്കുന്ന രാജ്യങ്ങളിലേക്കു സാങ്കേതിക വിജ്ഞാനം പ്രവഹിക്കുവാനുള്ളഏററവും എളുപ്പമായ വഴി TNCs ആണ്. ഇതത്രെ മറെറാരു വാദം. പരിശോധനയിൽ ഈ വാദവും തകർന്നുപോകുന്നു. സാധാരണ ഗതിയിൽ TNCs കൊണ്ടുവരുന്ന സാങ്കേതിക ജ്ഞാനത്തിന് നാം വില കൊടുക്കുന്നുണ്ട്. അവ വെറുതെ നഷ്ടപ്പെടുന്നില്ല. TNC യിൽക്കൂടിയല്ലാതെതന്നെ അത് നമുക്കു വിലക്ക് വാങ്ങാവുന്നതേ ഉള്ളു. മാത്രമല്ല, TNCs പ്രവർത്തിക്കുന്നത് ഉല്പാദനസങ്കേതങ്ങളുടെ സുപ്രധാനമായ കണ്ണികൾ ഒളിപ്പിച്ചുവെച്ചു ബാക്കി മാത്രം നമുക്കു നൽകിക്കൊണ്ടാണ്. ആ താക്കോൽ ഇല്ലാതെ ആ പ്രത്യേക സാങ്കേതിക വിജ്ഞാനം നമുക്കുപകരിക്കുകയില്ല. സാങ്കേതിക വിദഗ്ധരിൽ മുഖ്യ ആശാൻമാർ വിദേശികളാണ്. അവരുണ്ടെങ്കിൽ മാത്രം കാര്യം നടക്കും. അവർ പോയാൽ സംഗതി പൊളിയും. ഈ നൂലാമാലകളൊന്നും കൂടാതെ സാങ്കേതിക വിജ്ഞാനം കൈമാറിയെടുക്കാൻ മററുപാധികൾ എത്രയോ നിലവിലുണ്ട്. അങ്ങനെ ഈ വാദവും പൊളിഞ്ഞുതകരുന്നു.

### 3. വർദ്ധമാനമായ തൊഴിൽ സാദ്ധ്യതകൾ

ഇനിയത്തെ വാദം: വികസ്വര രാജ്യങ്ങളിൽ വമ്പിച്ച തൊഴിലില്ലായ്മയാണുള്ളത്. ഇതോടൊപ്പം മൂലധന ദൗർലഭ്യവും ഉണ്ട്. TNCs മൂലധനം കൊണ്ടുവരുന്നു.

അതോടുകൂടി വർദ്ധിച്ച തൊഴിൽ സാദ്ധ്യതകളും. ഈ വാദം ഭാഗികമായി മാത്രമാണ് ശരിയായിട്ടുള്ളത്. TNC കളുടെ "തൊഴിൽ ദാന" രീതികളെപ്പററി നിരവധി രാജ്യങ്ങളിൽ നിന്നും പരാതികൾ വന്നിട്ടുണ്ട്. ഒന്നാമതായും അവർ ഉപയോഗിക്കുന്ന സാങ്കേതികവിദ്യ കൂടുതൽ മൂലധനം പെരുപ്പിക്കുക എന്ന ലക്ഷ്യത്തോടുകൂടിയതാണ്; അല്ലാതെ തൊഴിൽ സാദ്ധ്യതകൾ വർദ്ധിപ്പിക്കുവാനല്ല. തദ്ദേശ നിയന്ത്രണത്തോടുകൂടിയുള്ള ഉല്പാദന പ്രക്രിയയാണ് കൂടുതൽ തൊഴിലവസരങ്ങളുണ്ടാക്കുവാൻ പര്യാപ്തമായിട്ടുള്ളത്. TNC കൾ ചെയ്യുന്ന ദ്രോഹങ്ങളും ഓർക്കേണ്ടതുണ്ട്. കൊച്ചുകൊച്ചു കമ്പനികളെ ഈ പടുകൂററൻ കമ്പനികൾ തകർക്കുന്നു, നാമാവശേഷമാക്കുന്നു. അങ്ങിനെ കൂടുതൽ തൊഴിലില്ലായ്മയും സൃഷ്ടിക്കുന്നു.

## 4. ഗവേഷണം, സംസ്കാരം എന്നീ രംഗങ്ങളിൽ TNCs നല്കുന്ന സംഭാവനകൾ

TNC, അത് പ്രവത്തിക്കുന്ന രാജ്യങ്ങളിലെ ഗവേഷണ സാംസ്കാരിക സ്ഥാപനങ്ങൾക്ക് വളരെ ഉദാരമായ സംഭാവനകൾ നല്കുന്നു— എന്നാണ് മറെറാരുവാദം ഇത് തൊടുമ്പോൾ പൊട്ടുന്ന ഒരു വാദമത്രെ! എന്താണിവ സംഭാവന നല്കുന്നത്. സ്വന്തം നാട്ടിലേക്ക് കൊണ്ടുപോകുന്ന ലാഭത്തിൽ നിന്നും ഒരു നക്കാപ്പിച്ച അവ പ്രവർത്തിക്കുന്ന നാടുകളിലെ ഗവേഷണ–സാംസ്കാരിക സ്ഥാപനങ്ങൾക്ക് "ദാനം" ചെയ്യുന്നു! ഈ ദാനത്തുക ആ നാട്ടിലെ തൊഴിലാളികളുടെ അദ്ധ്വാനഫലമായി ഉണ്ടായതിൻെറ അംശവുമാണ്. TNC കളുടെ സംഭാവനയല്ലത്



അതുമാത്രമല്ല, ഇവർ നടത്തുന്നതുപോലുള്ള ഗവേഷണങ്ങൾ മിക്കവയും അവ പ്രവർത്തിക്കുന്ന രാജ്യങ്ങൾക്കാവശ്യമുള്ളതല്ല, കൂടുതൽ ലാഭമുണ്ടാക്കാനുള്ള വഴികണ്ടുപിടിക്കുവാനുള്ള ഗവേഷണങ്ങളാണിവ!

## 5. ഭാവിയുടെ സൃഷ്ടികർത്താക്കൾ

TNC കൾ ഭാവിയുടെ മുന്നോടികളാണ്! പ്രതീക്ഷകളാണ്! എന്നാണ് രസകരമായ മറെറാരു വാദം.

സ്പാൻ (SPAN) എന്ന അമേരിക്കൻ മാസികയുടെ പ്രചരണ വൈദഗ്ധ്യം നോക്കുക. നാളത്തെ ലോകം ഒരേകലോകമാണ്. സാർവ്വദേശീയമാണ്, ദേശീയമല്ല! അപ്പോൾ ഈ ദേശാതീത കോർപ്പറേഷനുകൾ ആ ഏക ലോകത്തിലേക്കുള്ള വഴികാട്ടികളാണ്! ഭാവിയുടെ വാഗ്ദാനങ്ങളാണവ! പച്ചയായ പരമാർത്ഥം മറെറാന്നാണ്. എന്താണത്? ഈ TNC കൾ (ദേശാതീത കോർപ്പറേഷനുകൾ) സാമ്രാജ്യത്വ–മുതലാളിത്ത വ്യവസ്ഥിതിയുടെ അവസാനഘട്ടത്തെ കുറിക്കുന്നു എന്നതാണത്. ഉച്ചകോടിയിലെത്തിയ വികസിത മുതലാളിത്ത രാഷ്ട്രങ്ങൾ, അവയുടെ സാങ്കേതിക–സാമ്പത്തിക ശൃംഖലകൾകൊണ്ടു അല്പ വികസിത രാജ്യങ്ങളെ മുഴുവനും വരിഞ്ഞുകെട്ടി അവയുടെ മേൽ മേൽക്കൊയ്മ സ്ഥാപിച്ചെടുക്കുവാൻ നടത്തുന്ന അന്ത്യശ്രമം! മുൻ കോളനി രാജ്യങ്ങളുടെ അധീശാധികാരത്തെ മറികടന്നുകൊണ്ട് ആ രാജ്യങ്ങളിൽ നുഴഞ്ഞുകയറുകയും, അവയെ ബലഹീനമാക്കുകയോ, അങ്ങുമിങ്ങുമില്ലാതാക്കുകയോ, അട്ടിമറിക്കുകയോ അങ്ങിനെ അവയുടെ വർദ്ധമാനമായ രാഷ്ട്രീയ–സാമ്പത്തികശക്തിയെ തകർക്കുവാൻ വേണ്ടതു വേണ്ടിടത്തു വേണ്ടപോലെ ചെയ്യുന്ന, ചെയ്യാൻ ലക്ഷ്യമാക്കിക്കൊണ്ടുള്ള, കമ്പോള സമ്പദ്‌വ്യവസ്ഥയുടെ പുത്തൻ

കൊളോണിയൽ അടവുകളുടെ സമർത്ഥോപകരണങ്ങളാണീ TNC കൾ.

TNCs കൾക്ക് എതിരായി എത്രയെത്രയൊ വാദങ്ങളാണുള്ളത് !

1. TNCs പ്രവർത്തിക്കുന്ന രാജ്യത്തിന്റെ താൽപ്പര്യസംരക്ഷണമല്ല, അതിലെ ജനങ്ങളുടെ പുരോഗതിയല്ല അവയുടെ ലക്ഷ്യം. ഝടുതിയിൽ ലാഭമുണ്ടാക്കുക മാത്രമാണ് ലക്ഷ്യം. ഈ ലക്ഷ്യത്തോടുകൂടിയുള്ള പ്രവർത്തനം സ്വതവെ തന്നെ നിസ്സഹായരായ രാജ്യങ്ങളെ കുഴിതോണ്ടിക്കുന്നതിലേക്കു മാത്രമാണ് നയിക്കുക.

2. ഇപ്പറഞ്ഞത് ശരിയല്ലേ എന്നു നോക്കണം. കണ്ണു ചിമ്മിയടക്കുമ്പോഴേക്കും ലാഭം കുന്നുകൂടുന്ന മേഖലകളിലാണീ TNC കളുടെ നിക്ഷേപം അധികമായും കാണുന്നത്. ഉദാഹരണം:—

1) കൊക്കാകോല
2) ആഡംബരവസ്തുക്കൾ

ഭംഗിയായി ടിന്നിൽ നിറച്ച ഭക്ഷ്യവസ്തുക്കൾ, പാനീയങ്ങൾ, ടൊയിലററ് പദാർത്ഥങ്ങൾ, ടെലിവിഷൻ, ടെലിഫോൺ, റെഫ്രിജിറേററുകൾ, അമിതാമിത ലാഭമുണ്ടാക്കുന്ന ഔഷധങ്ങൾ—

മറിച്ചു, ഗതാഗതം, ഭക്ഷണം, വസ്ത്രം, പാർപ്പിടം— ഇത്യാദികളിലൊന്നുമല്ല അവയുടെ മൂലധനനിക്ഷേപവും, നോട്ടവും.

3. അവർ അടിപ്പിച്ചു നിരപ്പാക്കുന്നത് തദ്ദേശീയമായി അല്ലറ ചില്ലറ സാമഗ്രികൾ നിർമ്മിക്കുന്ന കൊച്ചു കൊച്ചു വ്യവസായ കുതുകികളെയാണ്. അവരുടെ തൊഴിലാളികളെയാണ്. വ്യാവസായിക സംരംഭ



കരുടെ നട്ടെല്ലൊടിക്കുകയും അവരുടെ ആവേശം വെള്ളമൊഴിച്ചുകെടുക്കുകയും ആണിതിന്റെ ഫലം. ഇതത്രെ, ചെറുകിട മുതലാളികൾപോലും TNC കളെ എതിർക്കുവാനുള്ള കാരണം. വൻ മുതലാളികൾ മാത്രമാണ് TNC കളുമായുള്ള കൂട്ടുകെട്ടിൽ ആവേശഭരിതരാകുന്നത്.

4. TNC കൾ ഒത്തൊരുമിച്ചു, ചെറിയ മീനുകളെ വിഴുങ്ങിയശേഷം, ചില സുപ്രധാന വില്പനച്ചരക്കുകളുടെ വിലനങ്ങളിന്റെ കാര്യത്തിൽ തമ്മിൽ യോജിപ്പിലെത്തുന്നു. ഉദാഹരണമാണ് ഔഷധ രംഗം. രക്തദാഹികളായ ലാഭക്കൊതിയന്മാരെ ഇവിടെ കാണാം. പൈശാചികമായ ചൂഷണമാണീ രംഗത്ത്.

5. ഏററവും തലവേദനയുണ്ടാക്കുന്ന പ്രശ്നം തദ്ദേശ ഗവർമെണ്ടുകളുടെ നിയന്ത്രണത്തിൽ നിന്നും വഴുതി രക്ഷപ്പെടാനുള്ള TNC കളുടെ വൈദഗ്ധ്യമാണ്. അവർക്ക് ഏതു രാജ്യവുമായും ഏതുതരത്തിലുള്ള വിദേശനാണയ ഇടപാടുകളും നടത്താൻ കഴിയുന്നു. കാരണം, അവയ്ക്ക് പല രാജ്യങ്ങളിലും ശാഖകളുണ്ട്. എത്രയെത്ര വിദേശ നാണ്യങ്ങൾ ആണ് വരുന്നത് പോകുന്നത് എന്നൊന്നും ഗവണ്മെൻറുകൾക്ക് അറിയാൻ കഴിയുകയില്ല.

6. രാഷ്ട്രീയക്കാരെയും, ഗവർമെണ്ടുദ്യോഗസ്ഥവൃന്ദത്തേയും കൈക്കൂലികൊടുത്ത് വിലക്കുവാങ്ങുന്നതിൽ TNCക്ക് വൃത്തികെട്ട ഒരു റിക്കാർഡാണുള്ളത്. ബോയിങ്ങ് സ്കാൻഡൽസ്, ഡോഗ്ലസ് എയർക്രാഫ്ട് സ്കാൻഡൽസ് എന്നിവയെപ്പററിയെല്ലാം നാം കേട്ടിട്ടുണ്ടല്ലോ. TNC കൾ ധനിക ദരിദ്രരാജ്യങ്ങളിലെല്ലാം ഒന്നുപോലെ അഴിമതി വിളയാട്ടം നടത്തുന്നതിൽ പ്രമുഖമായ പങ്കാണ് വഹിക്കുന്നത്.

7 ദേശീയ രാഷ്ട്രീയത്തിൽ കടന്നുചെന്ന് തങ്ങളുടെ കമ്പനികളിലൂടെ രാഷ്ട്രീയക്കാരെ സ്വാധീനിക്കുകയും തിരഞ്ഞെടുപ്പുകളിൽ ഇടപെടുകയും ചെയ്യുന്നു. ഇന്ത്യൻ തിരഞ്ഞെടുപ്പിൽ ചില TNCകൾ വഹിച്ച പങ്കിനെപ്പററി ഒരു പഠനം നടത്തുന്നത് കൗതുകകരമായിരിക്കും. തിരഞ്ഞെടുപ്പിന്റെ അന്ത്യ ഫലങ്ങളിൽ തന്നെ ഇവയുടെ സ്വാധീനം എത്രത്തോളമുണ്ടെന്നത് അറിയേണ്ട ഒരു വസ്തുതയായി അവശേഷിക്കുന്നു.

8. ചില സന്ദർഭങ്ങളിൽ അവയുടെ ടെക്നിക്കുകളും ഭീമമായ സാമ്പത്തിക കരുത്തും സാർവ്വദേശീയ കൂട്ടുകെട്ടുകളും, പൊളിഞ്ഞു പാളീസായ പിന്തിരിപ്പൻ ഗവർമ്മെന്റുകളെ താങ്ങിനിർത്തുന്നതിനും, TNC കളുടെ ഭദ്രതയെയും, ലോകകമ്പോള സമ്പദ്വ്യവസ്ഥയെയും കാത്തുസൂക്ഷിക്കുന്നതിനും വേണ്ടി പ്രവർത്തിക്കുന്നു. ചിലിയിലെ അട്ടിമറി ഇതിനൊരുദാഹരണം മാത്രമാണ്.

9. TNC കളുടെ ഏററവും ഭീഭത്സമായ മുഖമാണ് വാർത്താവിനിമയ ഉപാധികൾ—റോയിറേറഴ്സ്, യു. പി. ഐ. തുടങ്ങിയവ. വാർത്തകളും വിവരങ്ങളും നിയന്ത്രിച്ചുകൊണ്ടും അവയ്ക്കു യഥേഷ്ടം രൂപഭാവങ്ങൾ നൽകിക്കൊണ്ടും വികസിത രാജ്യങ്ങളിലെ ജനങ്ങളുടെ മാനസികനിലവാരം വികസിത വ്യാവസായിക രാജ്യങ്ങളിലെ ധനികവർഗ്ഗങ്ങളുടെയും സ്ഥാപിതതാല്പര്യങ്ങളുടെയും താല്പര്യസംരക്ഷണത്തിനനുഗുണമായി മാററി മറിക്കുവാൻ TNC കൾക്കു കഴിയുന്നു.

10. TNC കൾ ബൂർഷ്വാ "കൺസ്യൂമർ" സംസ്കാരം പടർന്നു പന്തലിപ്പിക്കുന്നതിൽ നിരന്തരം വ്യാപൃതരാണ്. അതിലൈംഗികത, ദുര, ഏററവും ഹീനമായ



അഭിനിവേശങ്ങളുടേയും ആഗ്രഹങ്ങളുടേയും പൂർത്തീകരണം, അമിതമായ പുകവലി, മദ്യോപാസന, കുത്തഴിഞ്ഞ ലൈംഗികഅധാർമ്മികത — ഇവയെല്ലാം ബോധപൂർവ്വം വളർത്തുകയും പരത്തുകയും ചെയ്യുന്നു. പുരാതന സംസ്കാരങ്ങളെ "അമേരിക്കവൽക്കരി" ക്കുവാനും, "പാശ്ചാത്യവൽക്ക" രിക്കുവാനും അവ പെടുന്നപാട് വലുതാണ്. ചീഞ്ഞുനാറിക്കൊണ്ടിരിക്കുന്ന ബൂർഷ്വാസംസ്കാരം TNC കൾ പരസ്യ ടെക്നിക്കുകളിലും, ഫിലിമുകളിലും, നോവലുകളിലും, ടെലിവിഷൻ പരിപാടികളിലും മററും കൂടി പ്രചരിപ്പിക്കുന്നു. വികസ്വര രാജ്യങ്ങളിലെ സാംസ്കാരികവും ചൈതന്യാത്മകവുമായ പ്രവർത്തനങ്ങളിൽ പുഴുക്കുത്തുകൾ ഏല്പിച്ചുകൊണ്ട് അർബ്ബുദമായി ഇവ പ്രവർത്തിക്കുന്നു.

## ചില സത്യങ്ങൾ കൂടി

ഇതെല്ലാം സത്യമാണ്. എന്നാലും മറെറാരു സത്യം കൂടിയുണ്ട്. TNC കളുടെ മുരടിച്ച ലാഭക്കൊതിയെല്ലാമുണ്ടായിട്ടുകൂടി അവ വ്യാവസായിക വളർച്ചയ്ക്കു മൊത്തത്തിൽ സൽഫലം ചെയ്തിട്ടുണ്ടെന്നതാണത്.

ഒരു കാര്യം. സ്വകാര്യ ഉടമാവകാശാടിസ്ഥാനത്തിൽ വർത്തിക്കുന്ന ദേശാതീതകോർപ്പറേഷനുകളും സോഷ്യലിസ്ററ് രാഷ്ട്രങ്ങളുടെ സൃഷ്ടിയായ ബഹുദേശ സ്റേററ് കോർപ്പറേഷനുകളും തമ്മിലുള്ള അന്തരം നാം ഇതിനിടയ്ക്കു വിസ്മരിക്കുന്നത് അബദ്ധമായിരിക്കും. സോഷ്യലിസ്ററ് കോർപ്പറേഷനുകൾ സോഷ്യലിസ്ററ് തത്വങ്ങളിലധിഷ്ഠിതമായാണ് പ്രവർത്തിക്കുന്നത്.

അതുപോലെ, ഗവർമ്മെൻറിൻെറ നിഷ്കർഷമായ നിയന്ത്രണത്തിനുവിധേയമായി സോഷ്യലിസ്ററ് രാജ്യങ്ങളിൽ പ്രവർത്തിക്കാനനുവദിക്കപ്പെടുന്ന ദേശാതീതകോർപ്പറേഷനുകളെയും വികസ്വര രാജ്യങ്ങളിൽ അത്തരം എല്ലാ നിയന്ത്രണങ്ങൾക്കതീതമായി വർത്തിക്കുന്ന ദേശാതീതകോർപ്പറേഷനുകളെയും വെവ്വേറെ തന്നെ കണ്ടേ മതിയാവൂ.

ഇന്നത്തെ ലോകത്ത് ദേശാതീത കോർപ്പറേഷനുകളുടെ പങ്കെന്തെന്നു സമചിത്തതയോടുകൂടി വിലയിരുത്തുമ്പോൾ ഈ ചോദ്യത്തിനുത്തരം തനിയെ പൊന്തിവരുന്നു.

നൂതനമായ ഒരു ദേശീയ സാർവ്വദേശീയ നീതിയും ക്രമവും പടുത്തുയർത്താൻ വന്ന പുത്തൻ മാലാഖമാരോ അല്ലാ, പുത്തൻ സാമ്രാജ്യത്വ കോളനിവ്യവസ്ഥയുടെ പരിരക്ഷണത്തിന്നായി വന്ന പഴയ പോക്കിരികളോ, എന്താണീ ദേശാതീത കോർപ്പറേഷനുകൾ? ഉത്തരം വ്യക്തമാണ്.

(വിവർത്തനം)

നമ്പീശൻ


# മലയാള സാഹിത്യം

## പുരോഗമന സാംസ്കാരിക മാസിക

വാർഷിക വരിസംഖ്യ—10 ക.

ഒററപ്രതി — 1 ക.

ചെക്കുകളും മണിയോർഡറുകളും

മാനേജിംഗ് എഡിററർ,
മലയാളസാഹിത്യം, നമ്പർ 10
എൽ. ഐ. സി. കോളനി
മെഡിക്കൽ കോളേജ് P. O.
തിരുവനന്തപുരം-11.

GREAT MARCH

**MONTHLY JOURNAL OF THE PEACE & FRIENDSHIP MOVEMENT**

**ANNUAL SUBSCRIPTION RS. 5/**

FRIENDSHIP CENTRE
NEAR G. P. O.
TRIVANDRUM-1.
**PHONE 4048**